കാസർകോട് കണ്ണൂർ ജില്ലകളിലെ പ്രവൃത്തികളുടെ അടങ്കൽ തുക

145 (2277) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ. സ്കീമിൽ 2003-04-ൽ കാസർകോഡ്, കണ്ണൂർ ജില്ലകളിലെ ഏതൊക്കെ പ്രവൃത്തികളാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നതെന്നും അതിൽ ഓരോന്നിന്റെയും അടങ്കൽതുക എത്രയാണെന്നും അറിയിക്കുമോ ?

ഉത്തരം

പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും സംബന്ധിച്ച തീരുമാനം ആയിട്ടില്ല.

(3) വൈകികിട്ടിയ ഉത്തരങ്ങൾ

ഡബ്ല്യൂ. ടി. ഒ. കരാറനുസരിച്ച് ഇൻഡ്യയിലേക്കുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി തീരുവ

146 (2099) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യൂ. ടി. ഒ. കാർഷിക കരാറനുസരിച്ച് ഇൻഡ്യയിലേക്കുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി തീരുവ അസംസ്കൃത ഉല്പന്നങ്ങൾക്ക് 100%വും സംസ്കരിച്ചവയ്ക്ക് 150%-വും സോയാബീൻ ഒഴികെയുള്ള ഭക്ഷ്യ എണ്ണകൾക്ക് 300%-വും സോയാബീൻ എണ്ണയ്ക്ക് മാത്രം 45%-വും പരമാവധി ചുമത്താവൂ എന്ന് നിബന്ധന ചെയ്തിട്ടുണ്ടോ ;

(ബി) അസംസ്കൃത റബ്ബർഷീറ്റിന്റെ ഇപ്പോഴത്തെ ഇറക്കുമതി തീരുവ പരമാവധി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) നികുതിരഹിതമായ റബ്ബറിന്റെ ഇറക്കുമതി ഇപ്പോൾ നിയമ വിധേയമാണോ ;

(ഡി) സാർക്ക് ഉടമ്പടിപ്രകാരം ശ്രീലങ്ക വഴിയുള്ള ഏതെല്ലാം കാർഷികോല്പന്നങ്ങളെയാണ് നികുതി രഹിതമായി ഇറക്കുമതി ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; ഇത് കേരളത്തിലെ ഏതെല്ലാം കാർഷികോല്പന്നങ്ങളെയാണ് ദോഷകരമായി ബാധിക്കുകയെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിന് പ്രാധാന്യമുള്ള മുഖ്യ കാർഷികവിളകൾക്കും ഭക്ഷ്യഎണ്ണകൾക്കും ഡബ്ല്യൂ.റ്റി.ഒ. കാർഷിക കരാറനുസരിച്ച് ചുമത്താവുന്ന പരമാവധി തീരുവ എത്രയാണെന്നും 2003 ജൂൺ 1-ന് പ്രാബല്യത്തിലുള്ള യഥാർത്ഥ ഇറക്കുമതി തീരുവ എത്രയാണെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡബ്ല്യൂ.റ്റി.ഒ.-യുടെ കാർഷിക ഉടമ്പടിയനുസരിച്ച് കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി തീരുവ സംസ്ക്കരിച്ച ഉല്പന്നങ്ങൾക്ക് 150 ശതമാനവും സംസ്ക്കരിക്കാത്ത ഉല്പന്നങ്ങൾക്ക് 100 ശതമാനവും സോയാബീൻ എണ്ണയ്ക്ക് 45 ശതമാനവും മറ്റ് ഭക്ഷ്യഎണ്ണകൾക്ക് 300 ശതമാനവുമാണ് പരമാവധി നിയന്ത്രിത നിരക്കായി (Bound rate) നിജപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ക്കരിക്കാത്ത റബ്ബറിന്റെ ഇറക്കുമതി തീരുവ 35 ശതമാനമായിരുന്നത് 70 ശതമാനമായി ഉയർത്തിയതായി അറിയുന്നു.

(സി) ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ ഒരു ഉത്തരവു പ്രകാരം ഡ്യൂട്ടിഫ്രീ ഇമ്പോർട്ട് സ്കീമിൽപ്പെടുത്തി റബ്ബർ ഇറക്കുമതി ചെയ്യാനാവുമെന്നാണ് ലഭ്യമായ വിവരം.

(ഡി) കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള കയറ്റിറക്കുമതി നയങ്ങൾ പ്രകാരം ഈ വർഷത്തെ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനമനുസരിച്ച് ശ്രീലങ്കയിൽനിന്നും തീരുവരഹിതമായി കുരുമുളക് ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഇറക്കുമതി അനുവദിക്കപ്പെട്ടതിനാൽ മറ്റ് രാജ്യങ്ങളിൽനിന്ന് നിലവാരം കുറഞ്ഞ കുരുമുളക് വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ട്. ഇത് ആഭ്യന്തര കുരുമുളകിന്റെ ആവശ്യകതയെ ബാധിക്കുമെന്നതിനാൽ ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് ആ രാജ്യത്തിന്റെ ഉല്പന്നം തന്നെയാണെന്ന് ഉറപ്പ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രധാനപ്പെട്ട എല്ലാ കാർഷികോല്പന്നങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഇറക്കുമതി തീരുവയും ഡബ്ല്യൂ.റ്റി.ഒ. നിയന്ത്രിത പരമാവധി നിരക്കും കാണിച്ചിട്ടുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* 1-4-2002-ലെ നിലയ്ക്കുള്ള വിവരങ്ങളാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. അതിൽ മാറ്റമുണ്ടോ എന്നത് കേന്ദ്രഗവൺമെന്റിൽ നിന്ന് അന്വേഷിച്ച് അറിയിക്കുന്നതാണ്.

ഇ-ഗവേർണൻസിനുവേണ്ടി ചെലവാക്കിയ തുക

147 (2108) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഗവേർണൻസിനുവേണ്ടി ഈ ഗവൺമെന്റ് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly